(ബി) സ്വന്തം വീട്, ഭൂമിയുമില്ലാത്ത പിന്നാക്ക സമുദായത്തിൽനിന്നും വീട്കരം ഈടാക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പഞ്ചായത്ത് ചുമത്തുന്ന വീട്കരത്തെ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) സ്വന്തം വീട്, ഭൂമിയുമില്ലാത്ത പിന്നാക്ക സമുദായത്തിൽനിന്നും വീട്കരം ഈടാക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബി-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

നിശാപാഠശാലകൾ

* 174. [46] ശ്രീ. കെ. ഗുണ്ട കൃഷ്ണശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) പിന്നോക്കസമുദായ ഡിപ്പാർട്ട്മെന്റിൽനിന്നും 1954 വരെ എത്ര നിശാപാഠശാലകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) 1955-ൽ എത്ര നിശാപാഠശാലകൾ സ്ഥാപിച്ചിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പിന്നോക്കസമുദായ ഡിപ്പാർട്ടുമെന്റിൽനിന്നും 1954 വരെ 89 നിശാപാഠശാലകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) 1955-ൽ പുതിയ നിശാപാഠശാലകൾ സ്ഥാപിച്ചിട്ടില്ല.

STARRED QUESTIONS POSTED FOR ANSWER ON 29-2-1956

മസൂരി രോഗബാധ

* 175. [15] ശ്രീ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) 1954-55-ലും 1955-56-ൽ ഫെബ്രുവരി 10-ാം തീയതിവരെയും സംസ്ഥാനത്ത് മസൂരിരോഗംമൂലം എത്ര മരണങ്ങൾ റിപ്പോർട്ടു ചെയ്യിട്ടുണ്ട്;

(ബി) ഈ നടപ്പുവർഷത്തിൽ വളരെ ഗുരുതരമായ സ്വഭാവമുള്ള മസൂരി രോഗങ്ങൾ ഉണ്ടായിട്ടുണ്ടോ;

(സി) ഈ നടപ്പുവർഷത്തിലും 1954-55-ലും ഇതുവരെ ചെയ്യപ്പെട്ട വസൂരി എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചിറയിൻകീഴ് താലൂക്കിൽ മണ്ണൂർഭാഗ (ആലൻകോട്ട പകരി)ത്തിലും മറ്റുണ്ടായിട്ടുള്ള പ്രദേശത്തിലും മസൂരി രോഗബാധയുണ്ടായിട്ടുണ്ടോ; എത്രപേർ മരിച്ചു; എന്തെല്ലാം നിവാരണനടപടികളെടുത്തു?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 1954-55-ൽ 159; 1955-56-ൽ 40; (10-2-1956 വരെ)

(ബി) ഇല്ല.

(സി) 1954-55-ൽ നടത്തിയിട്ടുള്ള വാക്സിനേഷൻ 26,23,224. 1955-56-ലേയ്ക്കുള്ള സ്ഥിതിവിവരങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ. എന്നാൽ മൊത്തത്തിൽ 1954-55-ലുള്ള സംഖ്യയിൽ നിന്നും വലിയ വ്യത്യാസം കാണുന്നില്ല.

(ഡി) മണ്ണൂർഭാഗത്തു് മുന്നൂപേർക്കു മസൂരി ബാധിച്ചു. അതിൽ രോഗം മാറിച്ചു. കേരാനിയിൽ 6 പേർക്കു മസൂരി ബാധിച്ചു. അതിൽ നാലുപേർ മരിച്ചു. മസൂരി ബാധയുണ്ടായ പ്രദേശങ്ങളിൽ വിപുലമായ തോതിൽ വാക്സിനേഷൻ നടത്തുന്നുണ്ടു്.

ആശുപത്രി കണ്ടിൻജൻസി ജീവനക്കാരുടെ മെമ്മോറാണ്ടം.

* 176 [28] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആൾ ട്രാവൻകൂർ ഹോസ്പിറ്റൽ കണ്ടിൻജൻസി എംപ്ലോയീസ് അസോസിയേഷനിൽനിന്നും ഹോസ്പിറ്റൽ കണ്ടിൻജൻസി ജീവനക്കാരുടെ ആവശ്യങ്ങളടങ്ങുന്ന ഒരു മെമ്മോറാണ്ടം ഈ ഗവണ്മെൻറിനു ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ മെമ്മോറാണ്ടം ലഭിച്ചിട്ടു് ഇപ്പോൾ എത്ര നാളുകളായി;

(സി) ഈ മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളിൽ ഒരെണ്ണമെങ്കിലും ഗവണ്മെൻറു് അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഉണ്ടു്.

(ബി) മെമ്മോറാണ്ടം ലഭിച്ചിട്ടു് 4 മാസത്തിൽ കൂടുതലായി.

(സി) ഉണ്ടു്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഫാക്ടറിയിലെ അഴിമതി.

* 177. [29] ശ്രീ. ടി. കെ. ദേവു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫെർടിലൈസേഴ്സ് ആൻഡ് കെമിക്കൽസിൽ വളരെ അഴിമതി നടക്കുന്നതായി ഗവണ്മെൻറിനു പരാതി ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly